**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3450** **14-10.2011-ൽ മറുപടിക്ക്.**

## സിനിമാ രംഗത്തെ പ്രതിസന്ധിയും തൊഴിൽ നഷ്ടവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ** | | **ശ്രീ. കെ. ബി. ഗണേഷ് കുമാർ**<br>**(ബഹു: വനവും**<br>**സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)** | |
| (എ) | സിനിമ വ്യവസായത്തിന്റെ തകർച്ച സിനിമയുമായി ബന്ധപ്പെട്ടവർക്ക് തൊഴിൽ നഷ്ടപ്പെടുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സിനിമ സംഘടനകളുടെ പ്രതിനിധികളുമായി സർക്കാർ ഗൗരവമായ ചർച്ചകൾ നടത്തിവരുന്നു. ചർച്ചകളിൽ ഉണ്ടാകുന്ന തീരുമാനത്തിനനുസൃതമായി തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്. |
| (സി) | സിനിമാരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനെപ്പറ്റി പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്. അദ്ധ്യക്ഷനായുള്ള കമ്മിറ്റി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**